9 a. m.] **Mr. Speaker :** Order, order. Question hour is over.

ADJOURNMENT MOTIONS

(i) Maintenance of law and order in Panur and the surrounding places in Tellicherry Taluk.

Mr. Speaker : A reply is due by the Home Minister to a notice given by Shri P. Abdul Majeed, yesterday.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ) : സർ, പഞ്ചായത്തു തിരഞ്ഞെടുപ്പിനെത്തുടർന്ന് പാനൂർ പ്രദേശങ്ങളിൽ കുറേക്കാലങ്ങളുക്കുമുമ്പ് അവിടെ നിലവിലിരുന്ന അല്പം പിരിമുറുകിയ ഒരവസ്ഥ സംജാതമായിട്ടുണ്ട്. മറ്റു സ്ഥലങ്ങളെ അപേക്ഷിച്ച് പാനൂരിലെ ഒരു പ്രത്യേകത അവിടെ ഉണ്ടാകുന്ന എല്ലാ വഴക്കുകൾക്കും രാഷ്ട്രീയമായ നിറം ഉടനെ ഉണ്ടാകുമെന്നുള്ളതാണ്. ഒരുപക്ഷെ, പല വഴക്കുകളും രാഷ്ട്രീയമായ കാര്യങ്ങളുമായി ബന്ധപ്പെട്ടവയുമായിരിക്കാം. പഞ്ചായത്തുതിരഞ്ഞെടുപ്പിനെത്തുടർന്ന് അവിടവിടെയായി ചില വ്യക്തികളെ കൂട്ടംകൂടി ചില രാഷ്ട്രീയപാർട്ടിയിൽപ്പെട്ട ആളുകൾ മർദ്ദിച്ചുകൊണ്ടിരുന്നു. അങ്ങനെ പോലീസിന്റെ ശ്രദ്ധയിൽപ്പെട്ട എല്ലാ സംഭവങ്ങളെ സംബന്ധിച്ചും കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പാനൂർ നിന്നു കേസു് രജിസ്റ്റർ ചെയ്ത എന്നു പറയുമ്പോൾ അതിന്റെ ദുർബലൃവും ഞാൻ മനസ്സിലാക്കുന്നുണ്ട്. കഴിഞ്ഞ ഒരു സംവത്സരത്തിലെ അനുഭവം വച്ചുനോക്കിയാൽ പോലീസു് എത്ര ഉത്സാഹിച്ചു് കേസ്സു് രജിസ്റ്റർ ചെയ്തു് ചാർജ്ജുചെയ്താലും അവസാനഘട്ടത്തിൽ തെളിവു നൽകുക വളരെ ബുദ്ധിമുട്ടാണു്. ഇങ്ങനെ കാര്യങ്ങൾ മുന്നോട്ടു നീങ്ങുമ്പോൾ അവിടവിടെയായി ഉണ്ടാകുന്ന ചില സംഭവങ്ങളെ ആസ്പദമാക്കി കേസ്സുകൾ എടുക്കുകയും കൂടുതൽ സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനു് പോലീസു് പെട്രോൾ നടത്തുകയുമൊക്കെ ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. 12-1-1964-ൽ പാനൂരിൽക്കൂടിപോയ ഒരു ജാഥ പ്രജാസോഷ്യലിസ്റ്റു പാർട്ടിയുടെ അവിടത്തെ പ്രമാണിയായ ശ്രീ. പി. ആർ. കുറുപ്പിനു് എതിരായി ചില മുദ്രാവാക്യങ്ങൾ വിളിച്ചു എന്നു് ആരോപണമുണ്ടായി. പാനൂരിൽവച്ചു് പ്രജാസോഷ്യലിസ്റ്റുപാർട്ടിയെ സ്പർശിക്കുന്നതോ ശ്രീ. പി. ആർ. കുറുപ്പിനെ സ്പർശിക്കുന്നതോ ആയ മുദ്രാവാക്യമൊന്നും വിളിക്കാൻ പാടില്ലെന്നു് ഉഗ്രമായ ചില താക്കീതുകൾ ആ ജാഥക്കു് കൊടുത്തു. അനിഷ്ടസംഭവങ്ങൾ ഒന്നും അന്നുണ്ടായില്ല. പക്ഷെ, 19-1-1964-ൽ തലശ്ശേരിയിൽവച്ചു് ഇതിന്റെ ഒരു ഫലമെന്നപോലെ പ്രജാസോഷ്യലിസ്റ്റുപാർട്ടി നടത്തിയ ഒരു ജാഥയിൽപ്പെട്ട ആളുകൾ മുസ്ലീംലീഗിലെ ചില നേതാക്കന്മാർക്കു് എതിരായി മുദ്രാവാക്യങ്ങൾ വിളിച്ചപ്പോൾ അങ്ങനെ വിളിക്കാൻ പാടില്ലെന്നുപറഞ്ഞു് തടയുകയുണ്ടായി. അതിനെത്തുടർന്നു് ഈ ജാഥയിൽ ഉണ്ടായിരുന്നവരെന്നു പറയപ്പെടുന്ന മൂന്നാളുകൾ അത്തരം മുദ്രാവാക്യങ്ങൾ വിളിക്കരുതെന്നു നിരോധിച്ചവരുടെമേൽ ഒരു കയ്യേറ്റം നടത്തി. ഇതിനെത്തുടർന്നു് അല്പസമയത്തേക്കു് അവിടെ ഒരു ചെറിയ അടികലശൽ ഉണ്ടായി എന്നു പറയാം. കല്ലുകൾ എറിയുകയുണ്ടായി, ഉടനെതന്നെ അവിടെയുള്ള ലോക്കൽപോലീസു് സ്ഥലത്തുവന്നു് സ്ഥിതിഗതികൾ നിയന്ത്രണാധീനമാക്കി, ഇതുസംബന്ധിച്ചു് തലശ്ശേരി പോലീസു് സ്റ്റേഷനിൽ 3 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിനു് ഒരു പ്രതികാരനടപടിയെന്നപോലെ 20-1-1964-ൽ പ്രജാസോഷ്യലിസ്റ്റു പാർട്ടിയിലെ പ്രവർത്തകരെന്നു പറയപ്പെടുന്ന—അങ്ങനെയാണോ അല്ലയോ എന്നു വ്യക്തമായി ഇപ്പോൾ പറയാൻ ഒക്കുകയില്ല—ചിലർ മുസ്ലീംലീഗിലെ ചില പ്രമാണികളുടെ മേൽ കയ്യേറ്റം നടത്തി. ഈ പ്രമേയത്തിൽ പറഞ്ഞിട്ടുള്ളതുപോലെ കുഞ്ഞുമൂസാ മൗലവി, പക്കീർ മൗലവി മുതലായവരെയാണു് കയ്യേറ്റം നടത്തിയതു്. ഇതു സംബന്ധിച്ചു് പോലീസു് കേസ്സു് രജിസ്റ്റർ ചെയ്യുകയും വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടു്. ഇതിലേക്കു് അറിയപ്പെട്ടിട്ടുള്ള മൂന്നു പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ടു്. ഈ പ്രമേയത്തിൽപറയുന്ന അബൂബേക്കറിനെ മർദ്ദിച്ചതായി പറയുന്നുണ്ടു്. അങ്ങനെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

സംഭവം പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് കിട്ടിയിട്ടില്ലാത്തതാണ്. പാനൂരിലെ പല പ്രദേശങ്ങളിൽനിന്നും അപ്പപ്പോഴായി ഇതുപോലെയുള്ള മർദ്ദനങ്ങളെപ്പറ്റിയുള്ള റിപ്പോർട്ടുകൾ കിട്ടുന്നുണ്ട്. അവിടെ ഒരു വിഭാഗം എം. എസ്സ്. പി.യെയും, ലോക്കൽ പോലീസിനെയുമൊക്കെ താമസിപ്പിച്ചിട്ടുണ്ടെങ്കിലും, എം. എസ്സ്. പി. തുടരെ പെട്രോളും നടത്തുന്നുണ്ടെങ്കിലും അവിടെ നിലവിലുള്ള ഒരു പ്രത്യേക അന്തരീക്ഷത്തിന്റെ ഫലമായി അവിടവിടെ ഇപ്പോഴും ചില തല്ലുകളും ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. ഇതുസംബന്ധിച്ച് നിഷ്പക്ഷമായ നടപടികളും സ്വീകരിക്കാൻ ആവശ്യമായ നിർദ്ദേശം പോലീസ് ഇൻസ്പെക്ടർ ജനറൽ സ്ഥലത്തെ പോലീസിനു കൊടുക്കുകയും വേണ്ടിവന്നാൽ കൂടുതൽ പോലീസിനെ ഉപയോഗിച്ചുകൊള്ളാൻ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കുഴപ്പങ്ങളും ഉണ്ടാക്കുന്നവരെന്നു് അറിയപ്പെട്ടിട്ടുള്ള കുറെ ആളുകളുടെമേൽ പ്രിവൻറീവ് ആക്ഷൻ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ഇത്തരം സംഭവങ്ങളും ആവർത്തിക്കപ്പെടാതിരിക്കാൻ വേണ്ട എല്ലാ മാർഗ്ഗങ്ങളും സ്വീകരിച്ചുതുടങ്ങിയിട്ടുണ്ട്. ഇങ്ങനെയുള്ള സംഭവങ്ങളും ആവർത്തിക്കുകയില്ലെന്നുള്ളതിനെപ്പറ്റി സംശയിച്ചിട്ട് കാര്യമില്ല. ഇടയ്ക്ക് ഏതാനും ദിവങ്ങളിൽ നിർഭാഗ്യകരമായ ചില സംഭവങ്ങളും ഉണ്ടാകുകയും പോലീസ് അവയിലൊക്കെ നടപടികളും നടത്തുകയും ചെയ്തിട്ടുണ്ടെങ്കിലും വേണ്ടത്ര സംരക്ഷണം ചില രാഷ്ട്രീയകക്ഷികളിലെ ആളുകൾക്ക് ലഭിക്കുന്നില്ലെന്ന ബോധം പ്രത്യേകിച്ച്, കാൺഗ്രസ്സിലേയും, മുസ്ലീംലീഗിലേയും, കമ്മ്യൂണിസ്റ്റു പാർട്ടിയിലേയും പ്രവർത്തകർക്ക് ഒന്നരണ്ടുദിവസത്തേക്ക് ഉണ്ടായി. ഇപ്പോൾ അതു മാറി. കൂടുതൽ പോലീസിനെ അയയ്ക്കുകയും ഉജ്ജ്വിതമായ നടപടികളും നടത്തുകയുംചെയ്തുണ്ട്. ഇതിനെപ്പറ്റി എനിക്ക് ഒന്നേ പറയാനുള്ളൂ. കേരളത്തിലെപ്പോലെയുള്ള ഒരു സ്റ്റേറ്റിൽ ഏതെങ്കിലും ഒരു പ്രദേശത്തു് ഒരു രാഷ്ട്രീയകക്ഷിക്ക് കൂടുതൽ സ്വാധീനം വന്നു എന്നു് വരാം. കാൺഗ്രസ്സിനു് വളരെ സ്വാധീനമുള്ള പ്രദേശങ്ങളുണ്ട്; കമ്മ്യൂണിസ്റ്റു പാർട്ടിക്ക് വളരെ സ്വാധീനമുള്ള പ്രദേശങ്ങളുണ്ട്; മുസ്ലീംലീഗിനു് വളരെ സ്വാധീനമുള്ള പ്രദേശങ്ങളുണ്ട്. അതുപോലെ പ്രജാസോഷ്യലിസ്റ്റു പാർട്ടിക്കു് സ്വാധീനമുള്ള പ്രദേശങ്ങളുണ്ട്. ഏതെങ്കിലും രാഷ്ട്രീയകക്ഷിക്കു് വളരെക്കൂടുതൽ സ്വാധീനമുള്ള ഒരു പ്രദേശത്തു് ഒരുപക്ഷെ കുറെ അക്രമികളെ ഇളക്കിവിട്ട് മറ്റുള്ളവരെ ഉപദ്രവിക്കാൻ താൽക്കാലികമായി കഴിഞ്ഞേക്കാം. അങ്ങനെയുള്ള പ്രവർത്തനങ്ങളിൽനിന്നു് എല്ലാ പാർട്ടികളും വിരമിക്കണമെന്നാണു് ഞാൻ അഭ്യർത്ഥിക്കുന്നതു്. പാനൂരിൽ മറെറല്ലാ പാർട്ടികളുടേയും തലതല്ലിത്തകർത്തു് എന്തെങ്കിലും സാധിക്കാമെന്നു അറിവില്ലാത്ത വല്ല രാഷ്ട്രീയപ്രവർത്തകരും വിചാരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പ്രത്യാഘാതം വളരെ ഗൗരവമുള്ള ഒന്നായിരിക്കും. ഈ വസ്തുത ശ്രീ. പി. ആർ. കുറുപ്പും പ്രജാസോഷ്യലിസ്റ്റ് പാർട്ടിയിലെ മറു നേതാക്കന്മാരും മനസ്സിലാക്കി പ്രജാസോഷ്യലിസ്റ്റു പാർട്ടിക്കു് കൂടുതൽ സ്വാധീനമുണ്ടെന്നു പറയുന്ന പാനൂരിൽ ഇങ്ങനെയുള്ള സംഭവങ്ങളും ആവർത്തിക്കാതിരിക്കാൻ വേണ്ട നിർദ്ദേശം കൊടുക്കുമെന്നു ഞാൻ പ്രതീക്ഷിക്കുകയാണു്. മറു രാഷ്ട്രീയകക്ഷികളിലെ പ്രവർത്തകരും അങ്ങനെ പ്രവർത്തിക്കുമെന്നും രാഷ്ട്രീയകാര്യങ്ങളും വച്ചുകൊണ്ടു അക്രമപ്രവർത്തനത്തിലേക്കു് നീങ്ങാൻ അതിന്റെ നേതാക്കന്മാർ അനുവദിക്കരുതെന്നും ഞാൻ ഈയവസരത്തിൽ അഭ്യർത്ഥിക്കുകയാണു്. ഏതു പാർട്ടിയിൽപ്പെട്ട ആളുകളായാലും ശരി, എത്ര വലിയ ആളുകളായാലും ശരി, ഈ രണ്ടുമൂന്നുദിവസം നടന്നപോലുള്ള പ്രവർത്തനം നടത്തിക്കളയാം എന്നു വിചാരിച്ചാൽ നിശ്ചയമായും അതു് അനുവദിക്കുകയില്ല. വളരെ ഊർജ്ജിതമായ നടപടികളും സ്വീകരിക്കുമെന്നു് ഈ സഭയ്ക്കു് ഉറപ്പുനൽകാൻ ഞാൻ ഈയവസരം ഉപയോഗിക്കുന്നു.

ശ്രീ. പി. അബ്ദുൽമജീദ് : എന്നെ സ്പർശിച്ചുകൊണ്ടു ചില പ്രസ്താവനകളും ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി ഇവിടെ ചെയ്തുകയുണ്ടായി. അതിനു് ഒരു പേഴ്സണൽ എക്സ്പ്ലനേഷനുള്ള അവസരം നൽകണം,

Mr. Speaker : Shri P. Abdul Majeed is not present. In view of the facts stated by the Minister I withhold consent to the moving of he motion.

LIBRARY ARCHIVES Kerala Legislative Assembly

Shri P. Ramunni Kurup : Sir, I want to make a personal explanation.

Mr. Speaker : Under Rule 49, it is not allowed. The member may make use of some other occasion for that.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : പേഴ്സണൽ എക്സ്പ്ലനേഷനു് എത്ര ഡിബേറ്റുസമയത്തായാലും സമയം അനുവദിക്കേണ്ടതാണു്. പിന്നെ എപ്പോഴും സമയം ലഭിക്കുമെന്നു അറിഞ്ഞുകൂടാത്തതുകൊണ്ടു ഇപ്പോഴത്തന്നെ സമയം നൽകേണ്ടതാണു്.

Mr. Speaker : What I said was under Rule 49, it is not possible to make a personal explanation in disposing of an adjournment motion.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് ; ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രിയുടെ നിർദ്ദേശങ്ങൾക്കും ഉപദേശങ്ങൾക്കും എനിക്കു് നന്ദിയുണ്ടു്. അദ്ദേഹം പ്രസ്താവിച്ചതുപോലെ പാനൂർ പ്രദേശങ്ങളിൽ നടക്കുന്ന സംഭവങ്ങൾക്കു് ഉടനെ രാഷ്ട്രീയമായ വരാറുണ്ടെന്നുള്ളതിനോടു ഞാൻ യോജിക്കുകയാണു്. എന്റെ പേരു് ഇവിടെ എടുത്തു പറയുകയുണ്ടായി. അതു് ഒരുവിധത്തിലും ന്യായീകരിക്കുവാൻ വയ്യാത്തതാണു്. തലശ്ശേരി പോലീസു് സബ് ഇൻസ്പെക്ടർ ജ്ഞാനമാണിക്യത്തിന്റെ മുൻകൂട്ടിയുള്ള പ്രവർത്തനങ്ങൾ ഇതിലുണ്ടായിരുന്നില്ലേ എന്നു് അന്വേഷിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയാറാകുമോ എന്നാണു് അറിയേണ്ടതു്. പി. ആർ. കുറുപ്പിനെ സംബന്ധിച്ചു് തെറ്റായ മുദ്രാവാക്യങ്ങൾ വിളിക്കരുതെന്നു് താക്കീതുകൊടുത്തു എന്നു പറഞ്ഞതു് അക്ഷരംപ്രതി കളവായ പ്രസ്താവനയാണു്. എന്നെ സംബന്ധിച്ചും എന്റെ പാർട്ടി പ്രവർത്തകരെ സംബന്ധിച്ചും പഞ്ചായത്തു തിരഞ്ഞെടുപ്പിനോടടുത്ത അഞ്ചാറുമാസം അവിടെ വിളിച്ച മുദ്രാവാക്യങ്ങളും പ്രസംഗങ്ങളുമെല്ലാം അശ്ലീലവും അക്രമപ്രസക്തവുമായിരുന്നു എന്നു് നിഷ്പക്ഷനായ ഒരു പോലീസു് ഉദ്യോഗസ്ഥൻ അന്വേഷിക്കാൻ ഉണ്ടായിരുന്നെങ്കിൽ അറിയാമായിരുന്നു. അങ്ങനെയല്ലാത്ത, കക്ഷിപിടിച്ചെന്നു് കോടതിപോലും വിധി എഴുതിയിട്ടുള്ള ഉദ്യോഗസ്ഥന്റെ റിപ്പോർട്ടാണു്, ബഹുമാനപ്പെട്ട മന്ത്രിയെ ഈ പ്രസ്താവന ചെയ്യാൻ പ്രേരിപ്പിച്ചിട്ടുള്ളതു്. അതിൽ എനിക്കു് സഹതാപമേയുള്ളൂ. പോലീസു് ഉദ്യോഗസ്ഥന്മാർ അക്രമത്തിനു് പ്രേരിപ്പിക്കുന്നു എന്നുള്ള എന്റെ ആരോപണത്തെപ്പറ്റി അന്വേഷിക്കാൻ അദ്ദേഹം തയാറുണ്ടോ ? എന്നെ സംബന്ധിച്ച പറഞ്ഞ ആക്ഷേപങ്ങളും എല്ലാം കളവാണു്.

ശ്രീ. പി. ടി. ചാക്കോ : ശ്രീ. കുറുപ്പിനെപ്പറ്റി ഞാൻ യാതൊരു ആക്ഷേപവും പറഞ്ഞില്ല. പി. എസ്സു്. പി. യുടെ ആളുകൾ ധാരാളമുള്ള സ്ഥലമാണതു്. ശ്രീ. കുറുപ്പു് ഇങ്ങനെയുള്ള കാര്യങ്ങൾ ചെയ്യരുതെന്നു് ഉപദേശിച്ചാൽ അത്തരം കാര്യങ്ങൾ അവസാനിക്കുമെന്നാണു് ഞാൻ പറഞ്ഞതു്. ശ്രീ. കുറുപ്പു പറഞ്ഞതുപോലെ നിഷ്പക്ഷമായി അന്വേഷിക്കാൻ തയാറാണു്. ഞാനും മറ്റു പാർട്ടി അംഗങ്ങൾക്കു് സൗകര്യമുള്ളപക്ഷം അവരുമായി അവിടെ പോകാനും തയാറാണു്. ഈ അവസ്ഥ ഒന്നു് അവസാനിപ്പിക്കാൻ ശ്രീ. കുറുപ്പു മുൻകൈ എടുക്കുമെങ്കിൽ സാധിക്കുമെന്നാണു് ഞാൻ പറയുന്നതു്.

(ii) Alleged repression on the people at Kottikulam by the Special Armed Police.

Mr. Speaker : A reply is also due to a motion, notice of which was given by Shri P. M. Kunhiraman Nambiar. I call upon the Home Minister to make the reply.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ) : സർ, ശ്രീമാൻ പി. എം. കുഞ്ഞിരാമൻ നമ്പ്യാരുടെ അടിയന്തിരപ്രമേയത്തിൽ വിവരിച്ചതുപോലെ റിസർവ്വ് പോലീസു് ഈ പ്രദേശങ്ങളിൽ എന്തെങ്കിലും മർദ്ദന-

LIBRARY ARCHIVES Kerala Legislative Assembly